ജനുവരി – ഫെബ്രുവരി 2022


മുസിരിസ് വാർത്ത

www.muzirisheritage.org muzirisheritage

മുസിരിസ് പൈതൃക പദ്ധതി

# മഹോദയപുരത്തെ തളി ക്ഷേത്രങ്ങൾ

കീഴ്ത്തളി, മേൽത്തളി, നെടിയതളി, ചിങ്ങപുരം തളി എന്നിങ്ങനെ 4 ശിവക്ഷേത്രങ്ങൾ ചേരന്മാരുടെ മഹോദയപുരത്ത് നിലനിന്നിരുന്നു. രാജാവിന്- പെരുമാളിന്- മതപരമായ കാര്യങ്ങളിൽ ഉപദേശങ്ങളും നിർദേശങ്ങളും നൽകുന്നതിനു വേണ്ടിയുള്ള സമിതികളായി തളികൾ നിലനിന്നിരുന്നു എന്ന് എം ജി എസ് നാരായണൻ നിരീക്ഷിക്കുന്നു






# മുസിരിസ് വേവ്സ് 2022

“മുസിരിസ് വേവ്സ് 2022”എന്ന മുസിരിസ് പൈതൃക പദ്ധതിയുടെ വാർഷിക ആഘോഷങ്ങൾക്ക് തുടക്കംകുറിച്ചു. പദ്ധതിയുടെ വിവിധ വിനോദസഞ്ചാര അനൗപചാരിക വിദ്യാഭ്യാസ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 7ന് കോട്ടപ്പുറം മുസിരിസ് ആംഫിതീയറ്ററിൽ ബഹു. കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ. വി ആർ സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ ബഹു. ടൂറിസം പൊതുമരാമത്ത് വകുപ്പ് മന്ത്രി അഡ്വ. പി.എ. മുഹമ്മദ് റിയാസ് നിർവ്വഹിച്ചു. ഇതോടൊപ്പം മുസിരിസ് ജലാശയത്തിൽ സിയാലിന്റെ സൗരോർജ്ജ ബോട്ടും കേരള ഷിപ്പിംഗ് ആന്റ് ഇൻ ലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ നിർമ്മിക്കുന്ന മൂന്ന് ബോട്ടുകളിൽ ആദ്യത്തേത് നീറ്റിലിറക്കി. ഇതോടൊപ്പം ലോക പൈതൃക ദിനാഘോഷത്തോടനുബന്ധിച്ച് നടത്തിയ ‘എന്റെ പൈതൃകം’ സംസ്ഥാനതല പെൻസിൽ ചിത്രരചനാ മത്സരത്തിൽ വിജയിച്ച വിദ്യാർത്ഥികൾക്കുള്ള സമ്മാനദാനവും നടക്കുകയുണ്ടായി.

ചടങ്ങിൽ സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഐ എ എസ് സ്വാഗതം പറഞ്ഞു. മുസിരിസ് പൈതൃക പദ്ധതി മാനേജിംഗ് ഡയറക്ടർ പി എം നൗഷാദ് പൈതൃക പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. KSINC നിർമ്മിച്ച മുസിരിസ് പൈതൃക പദ്ധതിക്കായി നിർമ്മിച്ച എം.എച്ച്.പി ഹെർമാപ്പോളൻ ബോട്ടിന്റെ ഏറ്റുവാങ്ങലും നടന്നു. എം.യു. ഷിനിജ ടീച്ചർ (ചെയർ പേഴ്സൺ കൊടുങ്ങല്ലൂർ നഗരസഭ) ആശംസകൾ അറിയിച്ചു. കെ.ആർ. ജൈത്രൻ (വൈസ് ചെയർമാൻ, കൊടുങ്ങല്ലൂർ നഗരസഭ), എൽസി പോൾ (ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ) കെ.എസ്. കൈസാബ് (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ), ലത ഉണ്ണികൃഷ്ണൻ (വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ) ഷീല പണിക്കശ്ശേരി (വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ) ഒ.എൻ. ജയദേവൻ (പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) അഡ്വ. വെങ്കിടേശ്വരൻ ഡി.റ്റി. (കൗൺസിലർ കൊടുങ്ങല്ലൂർ നഗരസഭ) വി.എം. ജോണി (കൗൺസിലർ, കൊടുങ്ങല്ലൂർ നഗരസഭ) ഫ്രാൻസീസ് ബേക്കൺ (കൗൺസിലർ കൊടുങ്ങല്ലൂർ നഗരസഭ) എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഇബ്രാഹിം സബിൻ (മാർക്കറ്റിംഗ് മാനേജർ, മുസിരിസ് പൈതൃക പദ്ധതി) നന്ദി പറഞ്ഞു.






# അത്യാധുനിക മുസിരിസ് ബോട്ട്

കോവിഡാനന്തര കേരളത്തിൽ അഭ്യന്തര ടൂറിസം രംഗത്ത് ഒരു വലിയ മുന്നേറ്റമാണ് സംഭവിക്കുന്നത്. പദ്ധതി 6 ഹോപ് ഓൺ ഹോപ് ഓഫ് ബോട്ടുകളും 5 വാട്ടർ ടാക്സികളിലുമായി ബോട്ടിംഗ് നടത്തിവരുകയായിരുന്നു. മുസിരിസ് പദ്ധതിയിൽ ടൂറിസം സീസണുകളിൽ ഒട്ടേറെ സഞ്ചാരികൾക്ക് സീറ്റ് പരിമിതിമൂലം ബോട്ടിംഗിനായി ബുക്കിംഗ് ലഭിക്കാതെ കരമാർഗ്ഗം പൈതൃക സ്ഥാനങ്ങളും മ്യൂസിയങ്ങളും കണ്ടു മടങ്ങേണ്ടതായി വന്നിരുന്നു. ഇതേതുടർന്ന് പൈതൃക മ്യൂസിയങ്ങളിലേക്ക് സന്ദർശകരെ എത്തിക്കുന്ന ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ മുസിരിസ് പൈതൃക പദ്ധതിയുടെ മാനേജ്മെന്റ് അഭ്യർത്ഥിച്ചിരുന്ന പ്രകാരം ഒരു റെസ്ക്യൂ ബോട്ട് ഉൾപ്പെടെ 3 ബോട്ടുകൾക്കൂടി വാങ്ങുന്നതിനായി സംസ്ഥാന സർക്കാർ ടൂറിസം വകുപ്പ് വഴി പദ്ധതിക്ക് 3. 06 കോടി രൂപ അനുവദിച്ചു നൽകിയിരുന്നു.  അത്യാധുനിക സംവിധാനം ഉള്ളതും 24 സീറ്റുകളുമുള്ള AC ബോട്ട് നിർമ്മിക്കുന്നതിനായി പദ്ധതി കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ  കോർപ്പറേഷനെ (കെ എസ് ഐ എൻ സി) ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തിയായ ഹെർമ്മപ്പോളൻ എന്ന പേരിലിറങ്ങുന്ന ആദ്യബോട്ട് ബഹു. ടൂറിസം വകുപ്പ് മന്ത്രി അഡ്വ. പി.എ. മുഹമ്മദ് റിയാസ് ഏറ്റുവാങ്ങി.

# സൗരോർജ്ജ ബോട്ട്

കോവിഡ് മഹാമാരിക്കുശേഷം വിനോദസഞ്ചാര മേഖലയിലുണ്ടായ ഉണർവ്വിന്റെ പശ്ചാത്തലത്തിൽ സിയാൽ മുസിരിസ് പൈതൃക പദ്ധതിയിലേയ്ക്ക് സംയുക്തമായി സർവ്വീസ് നടത്തുന്നതിനായാണ് സൗരോർജ്ജ ബോട്ട് കൈമാറിയത്. 15സോളാർ പാനലുകളിൽ പ്രവർത്തിക്കുന്ന 24സീറ്റുകളുള്ള ബോട്ടിൽ ഒരു തവണ ചാർജ്ജ് ചെയ്താൽ അഞ്ചു മണിക്കൂർവരെ യാത്ര ചെയ്യുവാൻ കഴിയും. AC, NonAC സംവിധാനങ്ങൾ ഉള്ള ബോട്ട് മുസിരിസിലേക്കെത്തിച്ചേരുന്ന വലിയതോതിലുള്ള സഞ്ചാരികൾക്ക് യാത്ര ചെയ്യുന്നതിനായി മുസിരിസ് പൈതൃകപദ്ധതി ഏറ്റെടുത്തു സർവ്വീസ് ആരംഭിച്ചു.












# 'എന്റെ പൈതൃകം' ചിത്രരചനാ മത്സരം

കേരളത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ പൈതൃക കാഴ്ച്ചകൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് മുസിരിസ് പൈതൃക പദ്ധതി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ലോകപൈതൃക ദിനത്തിൽ (ഏപ്രിൽ 18) 'എന്റെ പൈതൃകം' പെൻസിൽ ചിത്രരചനാമത്സരം സംഘടിപ്പിച്ചിരുന്നു. മത്സരത്തിൽ കൊല്ലം സിറ്റി സെൻട്രൽ സ്കൂൾ പത്താം ക്ലാസ്സ് വിദ്യാർത്ഥി സൂര്യദത്ത് എസ് ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനം കണ്ണൂർ കടമ്പൂർ ഹയർ സെക്കന്ററി സ്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥി കെ.എം ജഗന്നാഥും, മൂന്നാം സ്ഥാനം പാലക്കാട് ജി.എച്.എസ്.എസ് നെന്മാറ സ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥി അഭിനവ് സി. എന്നിവരുമാണ് കരസ്ഥമാക്കിയത്. ഒന്നാം സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിക്ക് 15000/- രൂപ, രണ്ടാം സ്ഥാനത്തിന് 10000/- രൂപ, മൂന്നാം സ്ഥാനത്തിന് 5000/-രൂപ ക്യാഷ് പ്രൈസ്സായും കൂടാതെ ട്രോഫിയും, സർട്ടിഫിക്കറ്റുകൾക്കുമൊപ്പം വിജയികളുടെ കുടുംബത്തിനു മുസിരിസ് പൈതൃക പദ്ധതിയിലെ വിനോദസഞ്ചാര പൈതൃക പ്രദേശങ്ങൾ സന്ദർശിക്കുന്നതിനായി താമസ സൗകര്യത്തോടു കൂടിയുള്ള ഒരു ദിവസത്തെ പൈതൃക ബോട്ട് യാത്രയും ഒരുക്കിയിരുന്നു. മത്സരത്തിന്റെ വിജയികൾക്ക് സമ്മാനദാനം ബഹുമാനപ്പെട്ട ടൂറിസം വകുപ്പ് മന്ത്രി അഡ്വ. പി.എ. മുഹമ്മദ് റിയാസ് നിർവ്വഹിച്ചു.















# മഹോദയപുരത്തെ തളി ക്ഷേത്രങ്ങൾ

“കീഴ്ത്തളി, മേൽത്തളി, നെടിയതളി, ചിങ്ങപുരം തളി എന്നിങ്ങനെ 4 ശിവക്ഷേത്രങ്ങൾ ചേരന്മാരുടെ മഹോദയപുരത്ത് നിലനിന്നിരുന്നു. രാജാവിന് - പെരുമാളിന് - മതപരമായ കാര്യങ്ങളിൽ ഉപദേശങ്ങളും നിർദേശങ്ങളും നൽകുന്നതിനു വേണ്ടിയുള്ള സമിതികളായി തളികൾ നിലനിന്നിരുന്നു എന്ന് എം ജി എസ് നാരായണൻ നിരീക്ഷിക്കുന്നു”

കേരള ചരിത്രത്തിൽ ഒരു പുതിയ യുഗം ആരംഭിച്ചത് 9-ആം നൂറ്റാണ്ടിൽ രണ്ടാം ചേര രാജ്യം സ്ഥാപിച്ച് പെരുമാക്കന്മാരുടെ ഭരണത്തോടെയാണ്. ചേരമാൻ പെരുമാക്കന്മാരുടെ ഇരിപ്പിടമായ മാക്കോതൈ അഥവാ മഹോദയപുരം മധ്യകേരളത്തിലെ ഇന്നത്തെ കൊടുങ്ങല്ലൂരാണെന്ന് കരുതപ്പെടുന്നു. മധ്യകാല ചേരന്മാർ അവകാശപ്പെടുന്നത് തങ്ങൾ പല്ലവർക്ക് മുമ്പുള്ള ദക്ഷിണേന്ത്യയിൽ അഭിവൃദ്ധി പ്രാപിച്ച ചേരരിൽ നിന്നുള്ളവരാണെന്നാണ്. ചേര കുടുംബത്തിലെ ഈ രണ്ട് ശാഖകൾ തമ്മിലുള്ള കൃത്യമായ ബന്ധം പണ്ഡിതന്മാർക്ക് വ്യക്തമാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇന്നത്തെ കൊടുങ്ങല്ലൂരിലെ പഴയ തുറമുഖ നഗരമായ മുസിരിസിന് സമീപമുള്ള പുരാതന നഗരമായ വഞ്ചി ആസ്ഥാനമാക്കി അവർ തങ്ങളുടെ തലസ്ഥാനനഗരം സ്ഥാപിച്ചിരുന്നു എന്ന് കരുതപ്പെടുന്നു. സംസ്കൃത കൃതികളിൽ ഇതിനെ മക്കോതൈ അല്ലെങ്കിൽ മഹോദയപുരം എന്നും സഞ്ചാരികൾ മുസിരിസ് എന്നും ലിഖിതങ്ങളിൽ മുയിരിക്കോട് എന്നും വിളിക്കുന്നു. തിരുവഞ്ചിക്കുളത്തെ മഹാശിവക്ഷേത്രത്തിന് ചുറ്റും പണികഴിപ്പിച്ച മഹോദയപുരം ഒരു മഹാനഗരമായി മാറി. ആദ്യകാല ചേരന്മാരുടെ പ്രതാപം പുനരുജ്ജീവിപ്പിച്ചത് പെരുമാക്കന്മാർ ആയതിനാൽ അവർ പിൽക്കാല ചേരന്മാർ എന്ന് വിളിക്കപ്പെടുന്നു. പഴയ ചേരന്മാരുടെ പാരമ്പര്യം അവകാശപ്പെട്ടുകൊണ്ട് പഴന്തമിഴ്കാലത്തെ ചേര ആസ്ഥാനമായ മുചിരി എന്നു കരുതുന്ന കൊടുങ്ങല്ലൂർതന്നെ ഭരണകേന്ദ്രമാക്കി മികച്ച പാരമ്പര്യം പുലർത്തി നിലകൊണ്ടു.

ചേര പെരുമാൾ സാമ്രാജ്യം അതിന്റെ സമ്പത്തിന്റെ ഭൂരിഭാഗവും നേടിയത് പശ്ചിമേഷ്യൻ പ്രദേശങ്ങളുമായുള്ള സമുദ്ര വ്യാപാര ബന്ധത്തിൽ നിന്നാണ് (സുഗന്ധവ്യഞ്ജന വ്യാപാരം). ചേര പെരുമാക്കന്മാരുടെ കാലഘട്ടവുമായി ബന്ധപ്പെട്ട മധ്യകാല കേരള ലിഖിതങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ പണ്ഡിതന്മാർ നിരവധി പ്രമാണിമാരുടെ അസ്തിത്വം സ്ഥിതീകരിക്കുന്നുണ്ട്. ചേരന്മാർ ദ്രാവിഡ സംസ്കാരം പിന്തുടർന്നു, അവരുടെ ഭരണകാലത്ത് കൃഷി വളരെയധികം അഭിവൃദ്ധിപ്പെട്ടു. കൊടുങ്ങല്ലൂരിന് ചുറ്റുമുള്ള നാല് നമ്പൂതിരി-ബ്രാഹ്മണ ക്ഷേത്രങ്ങളുടെ അധിപൻ ചേര പെരുമാളിന്റെ സ്ഥിരം സമിതിയോ മന്ത്രിമാരായോ പ്രവർത്തിച്ചു. പ്രധാനമായും ശൈവന്മാരായിരുന്ന ചേര രാജവംശത്തിന്റെ കാലത്ത് രാജാക്കന്മാർക്ക് ധാരാളം ഉപദേശകർ ഉണ്ടായിരുന്നു. സാധാരണയായി നമ്പൂതിരിമാർ എണ്ണത്തിൽ കുറവാണെങ്കിലും ചേരന്മാരുടെ ചരിത്രത്തിലുടനീളം നമ്പൂതിരികൾക്ക് വലിയ ശക്തിയും സ്വാധീനവും ഉണ്ടായിരുന്നു. മന്ത്രിമാരോ ഉപദേശകരോ ആയ തളിയാതിരികൾ  സാധാരണയായി തളി എന്ന ശിവക്ഷേത്രത്തിൽ ഒത്തുകൂടിയിരുന്നു. കീഴ്ത്തളി മേൽത്തളി, നെടിയതളി, ചിങ്ങപുരം തളി എന്നിങ്ങനെ 4 ശിവക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. രാജാവിന്-പെരുമാളിന്-മതപരമായ കാര്യങ്ങളിൽ ഉപദേശങ്ങളും നിർദേശങ്ങളും നൽകുന്നതിനുവേണ്ടിയുള്ള സമിതികളായി തളികൾ നിലനിന്നിരുന്നു എന്ന് എം ജി എസ് നാരായണൻ നിരീക്ഷിക്കുന്നു. കേരളോല്പത്തിപ്രകാരം ബ്രാഹ്മണരുടെ നാലു കഴകങ്ങളുടെ ആസ്ഥാനം എന്ന നിലയിലാണ് നാലുതളികൾ സ്ഥാനപ്പെടുന്നത്. അതിൻ പ്രകാരം കീഴ്ത്തളി ഐരാണിക്കുളം ഗ്രാമത്തിന്റെയും, ചിങ്ങപുരം ഇരിങ്ങാലക്കുടയുടെയും മേത്തളി മൂഴിക്കുളത്തിന്റെയും നെടിയതളി പറവൂരിന്റെയും ഇരിക്കസ്ഥാനങ്ങളാണ്. പെരുമാക്കന്മാരെ, നാലു കഴകങ്ങൾ ചേർന്ന തളിയാതിരിമാർ മറുനാട്ടിൽ നിന്ന് ക്ഷണിച്ചുകൊണ്ടു വന്നു പന്ത്രണ്ടു കൊല്ലത്തെയ്ക്കു വാഴിക്കയായിരുന്നുവത്രേ പതിവ്.

എ. ഡി. 1101ലെ പെരുന്ന ശാസനത്തിലും എ. ഡി. 1102 ലെ കൊല്ലം രാമേശ്വരം



മുസിരിസ് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച മണ്ഡപം



ക്ഷേത്രരേഖയിലും പതിനൊന്നാം നൂറ്റാണ്ടിലെ തൃക്കുലശേഖരപുരം ലിഖിതത്തിലും മേൽപ്പറഞ്ഞ തളികൾ പരാമർശിക്കപ്പെടുന്നുണ്ട്. 'സ്ഥലി' എന്ന സംസ്കൃത വാക്കിൽ നിന്നുണ്ടായ തളി ക്ഷേത്രഭരണ കാര്യവുമായി ബന്ധപ്പെട്ട സ്ഥാപനം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ പ്രാചീന രേഖകളിൽ നിന്നറിയാൻ കഴിയുന്നതും കേരളോല്പത്തിയിൽ പറയുന്നതുമായ നാലു തളി ക്ഷേത്രങ്ങളിൽ രണ്ടെണ്ണം വളരെ കൃത്യമായി മനസിലാകത്തക്കവിധത്തിൽ ഇന്നും കൊടുങ്ങല്ലൂരിലുണ്ട്. കീഴ്ത്തളി ആ പേരിൽ തന്നെയും ചിങ്ങപുരം തളി ശൃംഗപുരം ആയും ഇവിടെയുണ്ട്. ഇതു രണ്ടും ശിവപ്രതിഷ്ഠയുള്ള ക്ഷേത്രങ്ങളാണ്. തളി ക്ഷേത്രങ്ങളുടെ വാസ്തുവിദ്യയെ ദ്രാവിഡ വാസ്തുവിദ്യ എന്നാണ് വിളിച്ചിരുന്നത്. ലാറ്ററൈറ്റ്, ഗ്രാനൈറ്റ് എന്നിവ ഉപയോഗിച്ച് നിർമ്മിച്ച സമചതുര വിമാനം, മുഖമണ്ഡപം, സാന്ധാര ശൈലിയിലുള്ള ശ്രീകോവിൽ തുടങ്ങിയ സവിശേഷമായ വാസ്തുവിദ്യാ സവിശേഷതകളാണ് ഈ ക്ഷേത്രങ്ങൾക്കുള്ളത്. ഇത് ചേര രാജ്യത്തെ ആദ്യകാല ക്ഷേത്രങ്ങളുടെ മാത്രം പ്രത്യേകതയാണ്.

കേരളത്തിലെ മറ്റ് അമ്പലങ്ങളിൽ നിന്ന് വ്യത്യസ്തമായി വലിയ ശ്രീകോവിലാണ് കീഴ്ത്തളി ശിവക്ഷേത്രത്തിന്റേത്. ശ്രീകോവിലും അതിനു മുന്നിലുള്ള മണ്ഡപത്തിന്റെ തറയും മാത്രമേ ഇന്ന് നിലനിൽക്കുന്നുള്ളൂ. സന്ധാര ശൈലിയിൽ നിർമ്മിച്ച ശ്രീകോവിലിന്റെ ബാഹ്യ ഭിത്തിയും മുഖ മണ്ഡപവും വിവിധ അക്രമണങ്ങളിൽ തകർക്കപ്പെട്ടു എന്ന് കരുതുന്നു. അവശേഷിക്കുന്ന മുഖമണ്ഡപത്തിന്റെ ഭാഗങ്ങളിൽ മൂന്ന് വശങ്ങളിൽ നിന്നും സോപാനങ്ങൾ കാണാൻ സാധിക്കും. ഒൻപതാം നൂറ്റാണ്ടിലേതെന്ന് കരുതപ്പെടുന്ന സപ്തമാതൃകകളുടെ ശില്പങ്ങളിൽ ചിലതും ഗണപതിയുടെ ശില്പവും ക്ഷേത്രത്തിൽ ഇന്നും കാണാൻ സാധിക്കുന്നുണ്ട്. ഇവിടെ നിന്നും കണ്ടെടുത്ത ബ്രാഹ്മി , ദക്ഷിണാമൂർത്തി തുടങ്ങിയ ശില്പങ്ങൾ തൃശൂർ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ ക്ഷേത്രത്തെ കേരള സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് ചരിത്ര സ്മാരകമാക്കിയിരുന്നു. ക്ഷേത്രത്തിനു മുന്നിലെ ബലിക്കൽ ഉൾപ്പെടുന്ന തലത്തിൽ ഉള്ള ഒരു മണ്ഡപം പരമ്പരാഗത ശൈലിയിൽ മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി പുനർനിർമ്മിക്കുകയാണ്. ഈ ക്ഷേത്രത്തിൽനിന്നും കുറച്ചു വടക്കുമാറി കൊടുങ്ങല്ലൂർ കോവിലകത്തിനടുത്തായാണ് ശൃംഗപുരം ക്ഷേത്രം സ്ഥിതിചെയ്യുന്നത്. മാറ്റങ്ങൾക്ക് അധികം വിധേയമാകാത്ത ഒരു ക്ഷേത്രമാണിത്. ശ്രീകോവിലിനു പുറത്തായി ശിവലിംഗ പ്രതിഷ്ഠയുള്ള നാലു ഉപക്ഷേത്രങ്ങൾ കൂടി ഇവിടെയുണ്ട്.

തളി ക്ഷേത്രങ്ങളിൽ ഒന്നായ മേൽത്തളിയുടെ സ്ഥാനം വിവിധ ഉപാദാനങ്ങളിലൂടെയാണ് കണ്ടെത്താൻ ചരിത്രകാരന്മാർ ശ്രമിക്കുന്നത്. കീഴ് എന്നാൽ കിഴക്ക് എന്നും മേൽ എന്നാൽ പടിഞ്ഞാറ് എന്നുമാണ് അർത്ഥം. അതുകൊണ്ട് പടിഞ്ഞാറ് ഭാഗത്തായിരിക്കണം മേത്തളി. കീഴ്തളിക്ക് പടിഞ്ഞാറായി മേത്തല എന്ന സ്ഥലവുമുണ്ട്. മേത്തളി മാറിയതായിരിക്കും മേത്തല. മേത്തല പ്രദേശത്ത് പ്രാചീനമായ ശിവ ക്ഷേത്രങ്ങളൊന്നുമില്ല. മാത്രവുമല്ല മേത്തലയിലുള്ള മേത്തലപ്പാടം എന്ന സ്ഥലത്തെ വിഷ്ണു ക്ഷേത്രമായിരുന്നു മേൽത്തളി എന്നറിയപ്പെട്ടിരുന്നു എന്നും അജ്ഞാതമായ കാരണങ്ങളാൽ അത് തൃക്കുലശേഖരപുരത്തേയ്ക്ക് മാറ്റിയതാണ് എന്നും കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് അഭിപ്രായപ്പെടുന്നുണ്ട്. മേത്തളിക്കടുത്തായി തളിയാഴ്ച്ചപ്പാടം എന്ന പേരിൽ പരന്നുകിടക്കുന്ന ഒരു പാടം ആ പഴയ കാലത്തിന്റെ ഓർമ്മക്കുറിപ്പെന്നോണം ഇന്നുമുണ്ട്. കീഴ്തളിക്ക് കുറച്ചു തെക്ക് പടിഞ്ഞാറുഭാഗത്തായിട്ടാണ് മുകളിൽ പറഞ്ഞ തൃക്കുലശേഖരപുരം എന്ന ശ്രീകൃഷ്ണക്ഷേത്രം സ്ഥിതിചെയ്യുന്നത്. തൃക്കുലശേഖരപുരം ക്ഷേത്രത്തിനകത്തുള്ള ലിഖിതങ്ങളിൽ തളി പരാമർശമുണ്ട്. ഈ ക്ഷേത്രത്തിനകത്ത്തന്നെ ഒരു ശിവപ്രതിഷ്ഠയുള്ള ഉപക്ഷേത്രവുമുണ്ട്. ഈ ഉപക്ഷേത്രം ആയിരിക്കും മേത്തളി എന്ന് എം ജി എസ് നാരായണൻ അഭിപ്രായപ്പെടുന്നു. തൃക്കുലശേഖരപുരം ക്ഷേത്രം പ്രശസ്തമായ പന്ത്രണ്ട് വൈഷ്ണവ സന്യാസിമാരിൽ ഒരാളായ കുലശ്ശേഖര ആൾവാറുമായി

(800-820) ബന്ധപ്പെട്ടിരിക്കുന്നു. അക്കാലത്തെ വാസ്തു വിദ്യാ സവിശേഷതകളിൽ ഇപ്പോഴും നഷ്ടപ്പെടാതെ നിലനിൽക്കുന്ന ചില ക്ഷേത്രങ്ങളിൽ ഒന്നാണിത്. ശ്രീകൃഷ്ണ ക്ഷേത്രം എന്നാണ് ഈ ക്ഷേത്രം അറിയപ്പെടുന്നുവെങ്കിലും ശ്രീകോവിലിലെ പ്രധാന വിഗ്രഹം ചതുർബാഹുവായ വിഷ്ണുവിന്റെതാണ്. കിഴക്കോട്ട് അഭിമുഖമായി ചതുരാകൃതിയിലുള്ള ഗർഭഗൃഹവും ഇടുങ്ങിയ തൂണുകളുള്ള മുഖമണ്ഡപവും- ഉൾക്കൊള്ളുന്നതാണ് ഈ  ക്ഷേത്രം. ഉള്ളിൽരണ്ട് പ്രദക്ഷിണ പാതകളുണ്ടെന്ന് കരുതപ്പെടുന്നു. അവയിലൊന്ന് പൂർണ്ണമായും അടച്ചിരിക്കുകയാണ്. പ്രധാനമായും തമിഴ് രാജ്യത്തിലെ പല്ലവ പാരമ്പര്യവുമായി സാമ്യമുള്ള പഴയ ശിൽപ, വാസ്തുവിദ്യാ സവിശേഷതകൾ ക്ഷേത്രസമുച്ചയം നിലനിർത്തിയിട്ടുണ്ടെന്ന് മേൽപ്പറഞ്ഞ സവിശേഷതകളിൽ നിന്ന് വ്യക്തമാണ്. ക്ഷേത്രത്തിന്റെ ആരംഭം ഒൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലായിരിക്കാം. എന്നിരുന്നാലും, ക്ഷേത്രത്തിൽനിന്ന് പകർത്തിയ ഏതാനും വട്ടെഴുത്ത് രേഖകൾ പതിനൊന്നാം നൂറ്റാണ്ടിനപ്പുറം പോകുന്നില്ല. ഗരുഡക്ഷേത്രത്തിന്റെ കിഴക്കുഭാഗത്തായി കണ്ടെത്തിയതും പതിനൊന്നാം നൂറ്റാണ്ടിലേതെന്നു പറയാവുന്നതുമായ ലിഖിതം പാലിയോഗ്രാഫിക്കൽ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷേത്രത്തിന്റെ സ്ഥാപക തീയതി തീരുമാനിക്കാൻ സഹായിച്ചേക്കാം. പ്രത്യേക വർഷമൊന്നും നൽകാതെ, 'ക്ഷേത്രനിർമ്മാണത്തിന്റെ 195-ാം വർഷത്തിൽ' സ്വർണ്ണം സമ്മാനമായി നൽകിയതായി അതിൽ പരാമർശിക്കുന്നു. അങ്ങനെ ഒരു ഏകദേശ കണക്കു പ്രകാരം ക്ഷേത്രത്തിന്റെ അടിത്തറ ഒമ്പതാം നൂറ്റാണ്ടിൽ സ്ഥാപിച്ചിരിക്കാം. കൂടാതെ എ.ഡി. 800-820 കാലഘട്ടത്തിൽ നൽകിയിട്ടുള്ള കുലശഖര ആൾവാറാണ് ക്ഷേത്രം നിർമ്മിച്ചതെന്ന് പാരമ്പര്യവുമായി ഇത് നന്നായി യോജിക്കുന്നു. മുഖമണ്ഡപത്തിനടുത്തുള്ള പ്രാകാര തറയിൽ ഉറപ്പിച്ചിരിക്കുന്ന ആദ്യകാല വട്ടെഴുത്ത് ലിഖിതം 12-ആം നൂറ്റാണ്ടിലേതാണ്. ഒരു പ്രത്യേക ദിവസത്തിൽ നാല് തളികൾ ഏകകണ്ഠമായി ഒത്തുകൂടിയതായി ആ ശിലാലിഖിതത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കൊടുങ്ങല്ലൂർ കാവിനു വടക്ക് ഭാഗത്തായി നെടിയതളി എന്ന പേരിൽ ഒരു ക്ഷേത്രം നിലകൊള്ളുന്നുണ്ട്. കീഴ്ത്തളിയിലേത്പോലെ വലിപ്പമുള്ള ശിവലിംഗത്തെയാണ് നെടിയ തളിയിൽ  പ്രതിഷ്ഠിച്ചിരിക്കുന്നത്. കൊല്ലം 277 വൃശ്ചികത്തിൽ ഒടുവിലത്തെ പെരുമാളായ രാമവർമ കുലശേഖരൻ 'നാലു തളിയേയും തിരുക്കൻറ്റ പുഴയേയും കൂട്ടിക്കൊണ്ട് നെടിയതളിയിലിരുന്നതളി' എന്ന് പറയുന്നു. എന്നാൽ നെടിയതളി എന്ന പേരുപോലെ തന്നെ വലുതായിരിക്കണം ക്ഷേത്ര നിർമ്മിതി എന്നതുകൊണ്ട് ആ കാലഘട്ടത്തിലെ ഏറ്റവും പഴക്കമേറിയതും വലുതായതുമായ തിരുവഞ്ചിക്കുളം ശിവക്ഷേത്രമായിരിക്കണം നെടിയതളി എന്നും എം ജി എസ് നിരീക്ഷിക്കുന്നു. ഇവ കൂടാതെ ഒരു അരത്തളി കൂടി കൊടുങ്ങല്ലൂരിൽ ഉണ്ടായിരുന്നു എന്നും ചേരമാൻ പെരുമാക്കന്മാരുടെ പ്രത്യേക ക്ഷേത്രമായിരുന്നു അരത്തളി അഥവ അരയർ തളി എന്നും ഇളംകുളം പറയുന്നു. തിരുവഞ്ചിക്കുളം ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗത്തെ മതിലിനു പുറത്ത് കിഴക്കേ വാതിലിനു വടക്കുവശത്തായി ചെറിയ ശ്രീകോവിലിൽ കൊട്ടാരത്തിൽ തേവർ എന്ന പേരിൽ ഒരു ശിവപ്രതിഷ്ഠയുണ്ട്. അതാണ് അരത്തളി എന്ന് കാണിപ്പയ്യൂർ അഭിപ്രായപ്പെടുന്നുണ്ട്.

നെടിയതളി ഉൾപ്പെടെയുള്ള നാലു തളികൾ മഹോദയപുരം വാണിരുന്ന ചേരന്മാരുടെ രാജധാനിക്കു സമീപത്തു നിലനിന്നിരുന്നു എന്നത് 9 മുതൽ 12 വരെയുള്ള നൂറ്റാണ്ടുകളിൽ കൊടുങ്ങല്ലൂരിനുണ്ടായിരുന്ന പ്രൗഢിയിലേക്കാണ് വിരൽ ചൂണ്ടുന്നതാണ്.







# സ്റ്റുഡൻസ് ഹെറിറ്റേജ് വാക്ക്



## വിദ്യാർത്ഥികളുടെ സാംസ്കാരിക പൈതൃക മഹാമേള

കേരള ചരിത്രത്തെക്കുറിച്ച് വിദ്യാർത്ഥികൾക്കുള്ള ദൃശ്യാനുഭവത്തോടുകൂടിയുള്ള അറിവ് നൽകുന്നതിനായി മുസിരിസ് പൈതൃക പദ്ധതി പരിചയപ്പെടുത്തുന്ന പഠന വിനോദയാത്രയാണ് 'സ്റ്റുഡൻസ് ഹെറിറ്റേജ് വാക്ക്'. പുരാതന തുറമുഖ നഗരമായ മുസിരിസിനെ കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനായാണ് 'സ്റ്റുഡൻസ് ഹെറിറ്റേജ് വാക്ക്' എന്ന ആശയം ആദ്യമായി കേരളത്തിൽ അവതരിപ്പിക്കുന്നത്. ഇതിനായി കഴിഞ്ഞകാല ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്. രണ്ട് ദിവസമായാണ് 'ഹെറിറ്റേജ് വാക്ക് സംഘടിപ്പിക്കുന്നത്. ഈ ദിവസങ്ങളിൽ വിദ്യാർത്ഥികൾക്കായി പ്രദേശത്തിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് പ്രമുഖ പണ്ഡിതന്മാർ ക്ലാസുകൾ സംഘടിപ്പിക്കും. മാത്രവുമല്ല, ഓട്ടുപാത്ര നിർമ്മാണം, മൺപാത്ര നിർമ്മാണം, നെയ്ത്ത് പാരമ്പര്യം, നാടൻ കലാരൂപങ്ങളുടെ അവതരണം, പ്രദേശത്തെ വിവിധ  പരമ്പരാഗത മത്സ്യബന്ധന രീതികൾ തുടങ്ങിയ പരോക്ഷമായ പൈതൃകത്തിന്റെ പ്രാധാന്യം നേരിട്ടറിയുവാനും മനസ്സിലാക്കുവാനുംവിദ്യാർത്ഥികൾക്ക് ഇതിലൂടെ അവസരം ലഭിക്കും. വിദ്യാർത്ഥികൾക്ക് താമസസൗകര്യം, ഭക്ഷണം, ഗതാഗതം, ഇൻഫർമേഷൻ ഓഫീസർമാരുടെ പിന്തുണ തുടങ്ങി മറ്റു അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതായിരിക്കും. പൈതൃക നടത്തത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി വിവിധ മ്യൂസിയങ്ങളുടെ ആക്റ്റിവിറ്റി ബുക്ക്, ജൂട്ട് ക്യാപ്പ്, നെയ്തെടുത്ത ബാഗ്, വിത്തുകൾ നിറച്ച പരിസ്ഥിതി സൗഹൃദ എഴുത്ത്പേന, തുടങ്ങിയവ ഉൾപ്പെടുന്ന പഠന കിറ്റും വിതരണം ചെയ്യുന്നുണ്ട്.

കോട്ടപ്പുറത്തുനിന്നും ആരംഭിക്കുന്ന ബോട്ട് യാത്ര പെരിയാർ നദിയിലൂടെ ആദ്യം എത്തുന്നത് ചേന്ദമംഗലത്തു സ്ഥിതി ചെയ്യുന്ന പാലിയം കോവിലകം, പാലിയം നാലുകെട്ട് എന്നീ മ്യൂസിയങ്ങളിലാണ്. മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള പുരാവസ്തുക്കളുമായി നേരിട്ട് സംവദിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കും. അന്നേദിവസം തന്നെ കോട്ടപ്പുറം കോട്ടയും സന്ദർശിക്കുന്നുണ്ട്. വൈകുന്നേരങ്ങളിൽ നാടൻ കലാരൂപങ്ങൾ വിദ്യാർത്ഥികളുടെ മുന്നിൽ അവതരിപ്പിക്കുന്നുമുണ്ട്. രണ്ടാം ദിനം മുനമ്പം ബോട്ട് നിർമാണ ശാലയിലേക്കാണ് പോകുന്നത്. തുടർന്ന് പറവൂർ ജൂതപ്പള്ളി സന്ദർശിച്ച ശേഷം ചീനവല പോലുള്ള പരമ്പരാഗത മൽസ്യ ബന്ധന രീതികൾ നിലനിൽക്കുന്ന മേഖലകൾ സന്ദർശിക്കുവാനും വിവിധതരം മത്സ്യബന്ധന രീതികൾ, നാട്ടറിവുകൾ തുടങ്ങിയവ പഠന വിധേയമാക്കാനുമുള്ള അവസരം നൽകുന്നുണ്ട്. തുടർന്ന് കോട്ടപ്പുറം വാട്ടർഫ്രണ്ടിൽ എത്തിയാണ് യാത്ര അവസാനിക്കുന്നത്. ചരിത്ര വസ്തുതകൾ പാഠപുസ്തകങ്ങൾ വായിച്ചു മനസിൽ പതിപ്പിച്ചെടുക്കുക എന്ന ശ്രമകരമായ പ്രവർത്തനം ഇത്രയേറെ ലളിതമായി അവതരിപ്പിക്കുന്ന മറ്റൊരു പദ്ധതിയും സൗജന്യമായി ഇന്ത്യയിലെങ്ങും നടപ്പിലാക്കുന്നുണ്ടാവില്ല. സംസ്ഥാനതലത്തിൽ 2022 മാർച്ച് 31 വരെ നൽകി വരുന്ന ആദ്യ ഘട്ട അനൗപചാരിക വിദ്യാഭ്യാസപരിപാടിയായ പൈതൃക നടത്തത്തിനു കേരള സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.



# ചേരമാൻ ജുമാമസ്ജിദിന്റെ തപാൽ സ്റ്റാമ്പും കവറും പുറത്തിറക്കി

ചേരമാൻ ജുമാമസ്ജിദിന്റെ ചിത്രവും ലഘുചരിത്രവും രേഖപ്പെടുത്തിയുള്ള സ്‌പെഷ്യൽ തപാൽസ്റ്റാമ്പും കവറും ജനുവരി 28നു പുറത്തിറക്കി. മുസിരിസ് മുദ്രയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചേരമാൻ ജുമാമസ്ജിദ് അങ്കണത്തിൽ നടന്ന ചടങ്ങിൽ കൊച്ചി റീജിയണൽ പോസ്റ്റ്മാസ്റ്റർ ജനറൽ മറിയാമ്മ തോമസ് ആദ്യകവർ അഡ്വ. വി.ആർ. സുനിൽകുമാർ എം എൽ എക്ക് നൽകി പ്രകാശനം ചെയ്തു. നഗരസഭ വൈസ് ചെയർമാൻ കെ.ആർ. ജൈത്രൻ, ചേരമാൻ മഹല്ല് പ്രസിഡന്റ് ഡോ. പി.എ. മുഹമ്മദ് സഈദ്, മുസിരിസ് പൈതൃക പദ്ധതി എം ഡി പി.എം. നൗഷാദ്, മഹല്ല് സെക്രട്ടറി എസ്.എ. അബ്ദുൾ ഖയ്യും, ഇമാം ഡോ. മുഹമ്മദ് സലിം നദ്‌വി, പോസ്റ്റ് ഇൻസ്പെക്ടർ യു.എസ്. രജനി, മുസിരിസ് പൈതൃക പദ്ധതി മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ, ഇ.ബി. ഫൈസൽ, എസ്. സജീവ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.



ആലപ്പുഴ
പൈതൃക പദ്ധതി

# കനാൽ സൗന്ദര്യവത്കരണത്തിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കമായി

ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി കനാൽ സൗന്ദര്യവത്കരണപ്രവർത്തനങ്ങൾ ആരംഭിച്ചു. കനാൽ തീരത്ത് സൈക്കിൾ ട്രാക്ക്, വൈദ്യുതി വിളക്കുകൾ. ലാൻഡ് സ്കേപിങ്, മാലിന്യം ഒഴുകി കനാലിൽ ചേരുന്നത് തടയാൻ ഗ്രിൽ സ്ഥാപിക്കൽ എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. കൊത്തുവാൽചാവടി മുതൽ മുപ്പാലം വരെയുള്ള ഭാഗങ്ങളിലാണ് ശുചീകരണ സൗന്ദര്യവത്കരണ പ്രവർത്തികൾ നടക്കുന്നത്.

# അവലോകന യോഗം

ആലപ്പുഴ പൈതൃക പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ ഫെബ്രുവരി 14ന് ജനപ്രതിനിധികളുടെയും വിവിധ സർക്കാർ വകുപ്പുകളുടേയും സാന്നിദ്ധ്യത്തിൽ വിലയിരുത്തി. തുടർന്ന് ബഹു. ആലപ്പുഴ എം.എൽ.എ. പി.പി. ചിത്തരഞ്ജന്റെ അദ്ധ്യക്ഷതയിൽ ബഹു. അമ്പലപ്പുഴ എം.എൽ.എ, എച്ച്. സലാം നഗരസഭ ചെയർപേഴ്സൺ സൗമ്യരാജ്, വിനോദ സഞ്ചാര വകുപ്പ്, തുറമുഖം വകുപ്പ്, ഇൻകെൽ, കയർ കോർപ്പറേഷൻ തുടങ്ങിയ സർക്കാർ വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. മുസിരിസ് പൈതൃക പദ്ധതി എം.ഡി. പി.എം. നൗഷാദ് ആലപ്പുഴ പൈതൃക പദ്ധതിയുടെ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ വിശദമായി അവതരിപ്പിച്ചു.



# കനോലി കനാലിലൂടെ ഹെർമോപോളൻ ബോട്ടിന്റെ കന്നിയാത്ര

മുസിരിസ് പൈതൃക പദ്ധതി വഴി വില്ലേജ് ടൂറിസവും ഉൾനാടൻ ജലഗതാഗതവും പരിപോഷിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിക്ക് രൂപം നൽകുന്നു. പുല്ലൂറ്റ് കനോലി കനാലും കോട്ടപ്പുറം കായലും ഉൾപ്പെടുത്തി ജലാശയ വിനോദസഞ്ചാര പാക്കേജുകൾ വികസിപ്പിച്ച് കൂടുതൽ സഞ്ചാരികളെ മുസിരിസ് പൈതൃക പദ്ധതി പ്രദേശത്തേക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കരൂപ്പടന്ന, പൂവത്തുംകടവ്, ഇലവഞ്ചിക്കുളം തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെ കോർത്തിണക്കി നിർമ്മാണം പൂർത്തിയായ മതിലകം ബംഗ്ലാംകടവിലെ ബോട്ടുജെട്ടി വരെയാണ് ആദ്യഘട്ടത്തിൽ ജലാശയ വിനോദ സഞ്ചാരം നടപ്പിലാക്കുന്നത്. ഇതിന്റെ കന്നിയാത്രയായി കനോലി കനാലിലൂടെ കോട്ടപ്പുറം, ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം, കയ്പമംഗലം, എടത്തുരുത്തിവരെ ബഹു. കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ. വി.ആർ. സുനിൽകുമാറിന്റേയും ബഹു. കയ്പമംഗലം എം.എൽ.എ. ഇ.ടി. ടൈസൺ മാസ്റ്ററുടെയും നേതൃത്വത്തിൽ ബോട്ടു യാത്ര ഫെബ്രുവരി 4 ന നടത്തി. മുസിരിസ് പൈതൃക പദ്ധതി എം ഡി പി.എം. നൗഷാദ്, മതിലകം പഞ്ചായത്ത് പ്രസിഡന്റ് സീനത്ത് ബഷീർ, പഞ്ചായത്ത് അംഗം ഒ.എ. ജെൻട്രിൻ, മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ, ഫിനാൻസ് മാനേജർ സോണി റോയ് മ്യൂസിയം മാനേജർ സജ്ന വസന്തരാജ് തുടങ്ങിയവർ പങ്കെടുത്തു.



## പുരാവസ്തു അവശേഷിപ്പുകൾ

| | |
|---|---|
| മ്യൂസിയം | : പാലിയംകോവിലകം |
| വസ്തുവിന്റെപേര് | : ആലിലവിളക്ക് |
| മെറ്റീരിയൽ | : പിച്ചള |
| ഉയരം | : 50 സെ.മീ |
| ഭാരം | : 18 കിലോ |



### പുരാവസ്തു വിവരണം:

കേരളത്തിലെ ഹൈന്ദവ ക്ഷേത്രങ്ങളിലെ നിരവധി ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ആലിലവിളക്ക് അവിഭാജ്യമായ ഒന്നാണ്. പിച്ചളയിൽ നിർമ്മിച്ച വിളക്കുകൾ പരമ്പരാഗത വിശ്വാസങ്ങളുമായും പ്രവർത്തനങ്ങളുമായും വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ഈ വിളക്കിന്റെ ആകൃതി ഒരു ആൽമരത്തിന്റെ രൂപത്തിന് സമാനമാണ്. ഈ വിളക്കിന്ചതുരാകൃതിയിലുള്ള പീഠമുണ്ട്, കൂടാതെ 5 സെന്റീമീറ്റർ നീളമുള്ള ഒരു പഴയ മലയാളം ലിഖിതം പീഠത്തിന്റെ വശങ്ങളിലായി കാണാൻ സാധിക്കും. സാധാരണയായി ഇലയുടെ ആകൃതിയിലുള്ള ഇതളുകളിൽ തെളിയിക്കുന്നതിനായി എണ്ണയിലോ നെയ്യിലോ മുക്കിയെടുത്ത പരുത്തിതിരികൾ ഉപയോഗിക്കുന്നു. പാലിയം ക്ഷേത്രങ്ങളിൽ ആചാരാനുഷ്ഠാനങ്ങളിൽ ഉപയോഗിച്ചിരുന്ന വസ്തുവായതിനാൽ പാലിയം കൊട്ടാരം മ്യൂസിയത്തിന്റെ ടെമ്പിൾ ഗാലറിയിൽ ആലിലവിളക്ക് പ്രദർശിപ്പിച്ചിരിക്കുന്നു.

അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രൊജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള - ഫോൺ 0480 2807717